# പള്ളികഥകൾ

## മിനികഥകൾ

## പതിനേഴ്

ജോയിക്കുട്ടി,

ജോസഫ് അച്ചന്റെ പൂർവ്വസുഹൃത്തും ആത്മമിത്രവുമായ ജോണച്ചൻ തന്റെ അനുഭവങ്ങളോരോന്നും സങ്കടങ്ങളായി പറഞ്ഞുകൊണ്ടിരുന്നു. കേൾവിക്കാരായി ഞങ്ങൾ രണ്ടു പേരും. പറയുന്നതെല്ലാം അതേപടി കേൾക്കുന്നതല്ലാതെ യാതൊരു സംശയങ്ങളോ ചോദ്യങ്ങളോ ഞങ്ങളുടെ ഭാഗത്തു നിന്നുമുണ്ടായില്ല. തന്മൂലം ജോണച്ചന് നിവിഘ്നം പറയാൻ സാധിച്ചു.

# കുർബ്ബാന അനുഭവം

ഒരിക്കലും പ്രതീക്ഷിയ്ക്കാത്തതാണ് പലപ്പോഴും ജീവിതത്തിൽ അഗ്നിപരീക്ഷ പോലെ നടക്കുന്നത്. പതിവുപോലെ അന്നും വിശുദ്ധ കുർബ്ബാന അനുഭവത്തിന്റെ സമയമായി. ദൈവപുത്രന്റെ തിരു ശരീരങ്ങൾ അനുഭവിക്കാൻ യോഗ്യതരായിട്ടുള്ളവർ മുന്നോട്ട് വന്ന് അത് അനുഭവിക്കുന്ന സമയമായി. സാധാരണ ഏറ്റവും ആദ്യം ചെറിയ കുട്ടികളായിരിക്കും അതിനു വേണ്ടി ആ പള്ളിയിൽ ആദ്യം വരിക. അതിൻപ്രകാരം ജോഷ്വായും ആദ്യം വന്നു.

ജോഷ്വാ ആ ദേവാലയത്തിലെ ഏറ്റവും പണക്കാരനും പ്രതാപിയുമായ മാമ്മച്ചന്റേയുംമറിയാമ്മയുടേയും ഏകപ്രിയ പുത്രനാണ്. കേവലം ഒൻപതു വയസേ ഉള്ളൂ എങ്കിലും അവൻ വലിയ മിടുക്കനാണെന്ന അഹങ്കാരവും കൂടാതെ മാതാപിതാക്കൾ ഓമനിച്ചു വളർത്തിയതിന്റെ പോരായ്മകളും അവനിലുണ്ട്. പ്രിയപുത്രൻ പറയുന്നതെന്തും അവർ സാധിച്ചു കൊടുത്തിട്ടുണ്ടായിരുന്നു.

മാമ്മച്ചനും ഡോക്ടറാണ്. ബാല്യത്തിൽ പള്ളിയും പട്ടക്കാരനും എന്തെന്നറിയാതെ വളർന്ന് വന്നതാണ്. ഡൽഹിയിലുണ്ടായിരുന്നപ്പോൾ കൂടെ ജോലി ചെയ്തിരുന്ന പല നേഴ്സുമാരും അമേരിക്കയിൽ പോകുന്നതറിഞ്ഞപ്പോൾ അയാൾക്കും അതിനാഗ്രഹമുണ്ടായി. പല വഴികളിൽ കൂടെ പരിശ്രമിച്ചിട്ടും സാധിക്കാതെ വന്നപ്പോൾ തോന്നിയ ഒരു കുറുക്ക വഴിയായി അവിടെ തന്നെ, അതേ ആശുപത്രിയിൽ തന്നെ ജോലി ചെയ്തിരുന്ന നേഴ്സ് മറിയാമ്മയെ വിവാഹം ചെയ്തത്.

മറിയാമ്മ വളരെ നിർദ്ധന കുടുംബത്തിലായിരുന്നു ജനിച്ചത്. മറിയാമ്മയും ചെറുപ്പ കാലത്ത് പള്ളിയും ദൈവവുമായി വലിയ ബന്ധമൊന്നുമുണ്ടായിരുന്നില്ല. ഹൈസ്ക്കൂൾ കഴിഞ്ഞു നിൽക്കുന്ന സമയത്ത് അയല്പക്കത്തുള്ള തോമസ് എന്ന എയർഫോഴ്സ്കാരൻ അവധിയ്ക്കു വന്നിട്ടു പോയപ്പോൾ കൂടെയങ്ങു പോയി. പട്ടാളക്യാമ്പിൽ താമസിച്ചിരുന്ന തോമസ് പെണ്ണിനേയും കൂട്ടി ഡൽഹിയിൽ വീടെടുത്ത് താമസിയ്ക്കാൻ തുടങ്ങി. എയർഫോഴ്സുകാരന് കിട്ടുന്ന തുഛമായ വരുമാനം കൊണ്ട് ഡൽഹിയിൽ വെളിയിൽ പോയി വാടകകൊടുത്ത് താമസിക്കാൻ ബുദ്ധിമുട്ടായി. വിവാഹം കഴിക്കാത്ത അയാൾക്ക് അതിനു തക്ക വരുമാനമേ ഉണ്ടായിരുന്നുള്ളു. അപ്പോൾ പല സുഹൃത്തുക്കളേയും കൂട്ടി വരവായി. അത് മറിയാമ്മയ്ക്ക് പല വിദ്യകളും അഭ്യസിക്കാനുള്ള പഴുതായി. വീട്ടിൽ കഞ്ഞി കുടിച്ചും കുടിക്കാതെയും കഴിഞ്ഞിരുന്ന മറിയാമ്മയ്ക്ക് എന്നും സുഭിക്ഷമായ ഭക്ഷണമായി. അങ്ങിനെ പലരും വരുന്ന കൂട്ടത്തിലൊരാളായി തോമസും തീർന്നു. അക്കൂട്ടത്തിൽ അവിടെയുള്ള ആശുപത്രിയിലെ ഓഫീസിൽ ജോലി ചെയ്യുന്ന ഡേവിഡും വന്നു. അയാൾ ഇവളുടെ ദയനീയാവസ്ഥ മനസ്സിലാക്കി, അയാളുടെ പരിശ്രമഫലമായി അവൾക്ക് നേഴ്സിംഗ് പഠിക്കാനുള്ള പ്രവേശനം കിട്ടി. അങ്ങിനെ അവൾ ഹോസ്റ്റലിൽ താമസമായെങ്കിലും ഇടയ്ക്കിടയ്ക്ക് അവിവാഹിതനായ ഡേവിഡ് അവളെ കൂട്ടി അയാളുടെ താമസസ്ഥലത്ത് കൊണ്ടു പോകമായിരുന്നു. എന്തായാലും നാലു വർഷം കഴിഞ്ഞപ്പോൾ സ്റ്റാഫ് നേഴ്സായി. എന്നിട്ടും അവൾ ഹോസ്റ്റലിൽ തന്നെയായിരുന്നു താമസിച്ചത്. എന്നാലും ഡേവിഡ് ഇടയ്ക്കിടയ്ക്ക് അവളെ അയാളുടെ താമസസ്ഥലത്ത് കൂട്ടിക്കൊണ്ടു പോകുമായിരുന്നു. ഏകദേശം രണ്ടു വർഷം കഴിഞ്ഞപ്പോൾ അമേരിക്കയിലേക്ക് നേഴ്സ്മാർ പോകുന്നതറിഞ്ഞ് ആരുടേയും സഹായം കൂടാതെയും ആരേയും അറിയിക്കാതെയും അതിനുവേണ്ടി പരിശ്രമിച്ചു. അമേരിക്കയിൽ എത്തിചേർന്ന അവളുടെ പൂർവ്വ ഉറ്റ സുഹൃത്തുക്കളുടെ സഹായം കൊണ്ട് അവൾക്ക് വളരെ വേഗം അമേരിക്കയിലേക്ക് പോകാനുള്ള വിസാ കിട്ടി. ഈ വിവരം അപ്പോൾ തന്നെ അറിഞ്ഞ ഡോക്ടർ മാമ്മച്ചൻ അവളെ സമീപിച്ച് അവളെ വിവാഹം കഴിക്കാൻ തയാറാണെന്ന് പറഞ്ഞു. പെട്ടന്ന് അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. മാമ്മൻ ആ ആശുപത്രിയിലെ വളരെ വിദഗ്ദനായ ഒരു ഡോക്ടറായിരുന്നു. ''ഞാനത്ര പരിശുദ്ധയൊന്നുമല്ല. വിവാഹം കഴിഞ്ഞ് അമേരിക്കയിൽ എത്തിക്കഴിഞ്ഞ് അതും ഇതും പറഞ്ഞ് പെണങ്ങിപിരിഞ്ഞ് പോകാനൊന്നും ഞാൻ സമ്മതിക്കത്തില്ല; എനിക്കതിന് ഇഷ്ടവുമില്ല'' അവൾ തുറന്നു പറഞ്ഞു. അവളുടെ സത്യസന്ധമായ ആ സംസാരം അയാൾക്ക് വളരെ ഇഷ്ടപ്പെട്ടു

ഇനിയും നൂറ്റിഇരുപതു ദിവസത്തിനകം അമേരിക്കയിൽ എത്തിച്ചേരണം. അയാളുടെ വീട്ടുകാർക്ക് ഈ ബന്ധത്തോട് തീരെ താല്പര്യമില്ലായിരുന്നു. എന്തായാലും ഉടനെ തന്നെ നാട്ടിൽ രണ്ടുപേരും പോയി വിവാഹം കഴിച്ചു. വേറെ ആരും അറിയാതെ അവൾ കൊച്ചിയിൽ നിന്നു തന്നെ അമേരിക്കയിൽ എത്തിച്ചേർന്നു. സമർദ്ധനായ മാമ്മച്ചൻ പെട്ടന്നു തന്നെ അമേരിക്കയിൽ എത്തിച്ചേർന്നു. രണ്ടുപേരും ആദ്യ തവണ തന്നെ അമേരിക്കയിലെ പരീക്ഷ പാസായി.

അവൾ അവളുടെ കഴിവിന്റെ പരമാവധി പരിശ്രമിച്ച് അയാളെ എല്ലാവിധത്തിലും പരിപൂർണ്ണ സന്തോഷവാനാക്കി തീർത്തു. വിവാഹം കഴിഞ്ഞ അന്നു മുതൽ രണ്ടു പേരും പ്രാർത്ഥനയും ഭക്തിയുമായി കഴിഞ്ഞു. അതവരുടെ തീരുമാനങ്ങളിലൊന്നാരുന്നു. അവർ അമേരിക്കയിൽ എത്തിച്ചേർന്ന് ഏതാനം വർഷങ്ങൾ കഴിഞ്ഞപ്പോൾ തോമസും ഡേവിഡും അതുപോലെ അവളെ ഡൽഹിയിൽ വെച്ച് അറിഞ്ഞിരുന്നവർ എല്ലാം തന്നെ അമേരിക്കയിൽ അവർ താമസിക്കുന്ന സ്ഥലത്തു തന്നെ എത്തിച്ചേർന്നു കൂടാതെ ഇവരെല്ലാവരും ഒരു പള്ളയിലെ അംഗങ്ങളുമായിത്തീർന്നു. പക്ഷേ അവരെ ആരേയും അവൾ ജിവിതത്തിൽ കണ്ടിട്ടുള്ള യാതൊരു ഭാവവും അവൾക്കില്ലായിരുന്നു. തന്മൂലം അവരെല്ലാവരും അവക്ക് നേരിട്ടറിയാവുന്ന എല്ലാ കാര്യങ്ങളും ജോണച്ചനോട് പറഞ്ഞു.

ജോഷ്വാ ഒരു പൂച്ചയുടെ അത്രയും വലിപ്പമുള്ള ഒരു പട്ടിയേയും കൊണ്ടാണ് വിശുദ്ധ കുർബ്ബാന അനുഭവിക്കാൻ എത്തിയിരിക്കുന്നത്. ടൈഗർ പട്ടിയെ വീട്ടിലെ ഒരംഗത്തെപ്പോലെയാണ് അവർ വളർത്തികൊണ്ടു വരുന്നത്. അതിന് കിടക്കാൻ പ്രത്യേകം കിടക്ക, മലമൂത്ര വിസർജ്ജനം നടത്താൻ പ്രത്യേകം കക്കൂസ്. വളരെയധികം പണം കൊടുത്താണ് അതിനെ വാങ്ങിയതു തന്നെ. എല്ലാ ദിവസവും അതിനു വേണ്ടി വളരെയധികം പണച്ചിലവും അവർ ചെയ്യുന്നുണ്ട്. ടൈഗർ പട്ടിയ്ക്ക് വിശുദ്ധ കുർബ്ബാന കൊടുക്കണം. പട്ടിയെയും കൊണ്ട് മാറി നിൽക്കാൻ പറഞ്ഞത് അവിടെ വലിയ പ്രശ്നമായി. അമ്മയും അപ്പനുംകൂടെ ജോണച്ചനെ പള്ളിയിലിട്ടുതന്നെ പരിഹസിച്ചു. അവർ പറയാവുന്നതിലപ്പുറം പള്ളിയിൽ വെച്ചു തന്നെ ജോണച്ചനോട് ജനമദ്ധ്യേ പറഞ്ഞു.